# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 225** **08/02/2016-ൽ മറുപടിയ്ക്ക്**

## അമ്പലപ്പുഴ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |

എ) അമ്പലപ്പുഴ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകി ഉത്തരവായിട്ടുളളത്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

**എ)** അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

**സമഗ്ര തീരദേശ വികസന പദ്ധതി, ആലപ്പുഴ**

| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|
| കുടിവെള്ള പദ്ധതി, തോട്ടപ്പള്ളി | 20.38 |
| കുടിവെള്ള പദ്ധതി, അമ്പലപ്പുഴ സൗത്ത് | 3.25 |
| കുടിവെള്ള പദ്ധതി, അമ്പലപ്പുഴ നോർത്ത് | 5.50 |
| കുടിവെള്ള പദ്ധതി, പുന്നപ്ര സൗത്ത് | 2.9 |
| മൊബൈൽ മാവേലിസ്റ്റോർ, അമ്പലപ്പുഴ | 12.00 |

**സമഗ്ര കുടിവെള്ള പദ്ധതി, ആലപ്പുഴ**

| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|
| കുടിവെള്ള പദ്ധതി, പുറക്കാട്- അമ്പലപ്പുഴ | 217.84 |

**സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13 - പുറക്കാട് മത്സ്യഗ്രാമം**

| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|
| കുടിവെള്ള പദ്ധതി | 128.25 |
| വ്യക്തിഗതടോയ്‌ലറ്റ് (200 എണ്ണം) | 40.00 |
| വൈദ്യുതീകരണം | 40.38 |

**സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14 - പുന്നപ്ര മത്സ്യഗ്രാമം**

| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|
| കുടിവെള്ള പദ്ധതി | 93.53 |
| വൈദ്യുതീകരണം | 18.83 |
| ജീവനോപാധി സഹായം | 40.00 |

**നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി 2013-14**

| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|
| സബ്സെന്റർ, പുറക്കാട് | 42.00 |
| അംഗനവാടി നം.72, പുറക്കാട് | 18.50 |
| അംഗനവാടി നം.73, പുറക്കാട് | 18.50 |
| ഫിഷറീസ് സ്റ്റേഷൻ, തോട്ടപ്പള്ളി | 50.00 |

ഫ്രഷ് ഫിഷ് ടു ആൾ പദ്ധതിയിൽ ഉൾപ്പെടുത്തി 50000/- രൂപ വീതം വില വരുന്ന ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച 2 ഇരുചക്രവാഹനങ്ങൾ വിതരണം ചെയ്തു. (ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു)

| | | |
|---|---|---|
| ബി) | തീരദേശ വികസന കോർപ്പറേഷൻ മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്കാണ് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളത്; | ബി) നബാർഡിന്റെ ഗ്രാമീണ അ ടിസ്ഥാനസൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി പുറക്കാട് മത്സ്യഗ്രാമത്തിൽ അംഗനവാടി നം.72, അംഗനവാടി നം.73, എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഓരോന്നിനും 18.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് |
| സി) | അമ്പലപ്പുഴയ്ക്ക് തീരദേശവികസന കോർപ്പറേഷന്റെ 5.5 കോടിയുടെ പദ്ധതികൾ എന്ന വിധത്തിലുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) അമ്പലപ്പുഴയ്ക്ക് തീരദേശ വികസന കോർപ്പറേഷന്റെ 5.5 കോടിയുടെ പദ്ധതികൾ എന്ന വിധത്തിലുള്ള പത്രവാർത്തകൾ ഇ തുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | തീരദേശ വികസന കോർപ്പറേഷൻ മണ്ഡലത്തിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ മണ്ഡലത്തിലെ എം. എൽ. എ. യെ ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ ? | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭാവി നടത്തിപ്പും പരിപാലനവും ഉറപ്പുവരുത്തേണ്ടതുള്ളതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിലാണ് പദ്ധതി രൂപീകരണം സംബന്ധിച്ച തീരുമാനങ്ങൾ സാധാരണ ലഭ്യമാക്കാറുള്ളത്. മണ്ഡലത്തിലെ എം. എൽ.എ.യെ ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്